**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6443** | **20-03-2023 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കുടിവെള്ളക്ഷാമം മുൻനിർത്തി ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കുടിവെള്ളക്ഷാമം മുൻനിർത്തി ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് ഡാമുകളിൽ കെട്ടികിടക്കുന്ന ചെളിയും മണ്ണും നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി ജലവിഭവ വകുപ്പ് പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ട പാക്കേജ് ഏതാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. എന്നാൽ ജലസ്രോതസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ മുഖ്യപദ്ധതിയായ ഹരിതകേരള മിഷന്റെ ആശയങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജലലഭ്യത ഉറപ്പാക്കുന്നതിനായി പ്രവൃത്തിക്കുന്നുണ്ട്. |
| (സി) | പൂർത്തിയാകാതെ കിടക്കുന്ന ജലസേചന പദ്ധതികൾ കമ്മീഷൻ ചെയ്യുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | ഇടത്തരം പദ്ധതിയായ കാരാപ്പുഴ ജലസേചന പദ്ധതി 2010ൽ ഭാഗികമായി പൂർത്തീകരിച്ച് ഇടതുകര-വലതുകര കനാലുകളിലൂടെയും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിയിലൂടെയും ജലസേചനം നടത്തുന്നുണ്ട്.<br><br>ഇടതുകര-വലതുകര കനാലുകൾ 100 ശതമാനവും ബ്രാഞ്ച് കനാലുകൾ 76.94 ശതമാനവും ഡിസ്ട്രിബ്യൂട്ടറികൾ 7.32 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രധാന കനാലുകൾ, നാല് ബ്രാഞ്ച് കനാലുകൾ, 9 ഡിസ്ട്രിബ്യൂട്ടറികൾ എന്നിവയിലൂടെ 2025-2026 സാമ്പത്തിക വർഷത്തോടെ 2538 ഹെക്ടർ ജലസേചനം സാധ്യമാവുന്ന രീതിയിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.<br><br>ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ പ്രധാന കനാൽ 86.45 ശതമാനവും വെണ്ണിയോട് ബ്രാഞ്ച് കനാൽ 25.23 ശതമാനവും പടിഞ്ഞാറത്തറ ബ്രാഞ്ച് കനാൽ 7.32 ശതമാനവും കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറി 33.65 ശതമാനവും |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ വിലയിരുത്തലിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ പ്രധാന കനാൽ 2022-23 സാമ്പത്തിക വർഷത്തിലും വെണ്ണിയോട്, പടിഞ്ഞാറത്തറ ബ്രാഞ്ച് കനാലുകളും ഡിസ്ട്രിബ്യൂട്ടറികളായ കാപ്പുംകുന്ന്, പേരാൽ, വീട്ടിക്കാമൂല, കുറുമ്പാല ഈസ്റ്റ്, വെണ്ണിയോട്, കുപ്പാടിത്തറ എന്നിവയും 2023-24 സാമ്പത്തിക വർഷത്തിൽ പൂർത്തികരിക്കാൻ ലക്ഷ്യമിട്ട് പ്രവൃത്തികൾ നടത്തി വരുന്നു. ആയത് പ്രകാരം 200.76 കോടി രൂപയുടെ പുതുക്കിയ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്.<br><br>**<u>ഇടമലയാർ ജലസേചന പദ്ധതി</u>**<br>ഇടമലയാർ ജലസേചന പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി 7.5 കി.മീ. നീളമുള്ള ലിങ്ക് കനാൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഐ.ഐ.പി ലിങ്ക് കനാൽ നിർമ്മിക്കുന്നതു വഴി പെരിയാർ ബേസിനും ചാലക്കുടി ബേസിനും കൂടി യോജിപ്പിക്കുന്നതിനും അതുവഴി ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ അയക്കട്ട് stabilize ചെയ്യുന്നതിനും 2992 ഹെക്ടർ additional ayacut achieve ചെയ്യുന്നതിനും സാധിക്കും.<br><br>**<u>മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി</u>**<br><br>എം.വി.ഐ.പി യുടെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയും, പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളും, കാഡ പ്രവൃത്തികളും ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാലൻസ് പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ സർക്കാർ പരിശോധിച്ചു വരികയാണ്. പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. കാഡ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ഏതെല്ലാം ജലസേചന പദ്ധതികളുടെ നവീകരണം പൂർത്തിയായിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതിയുടെ നവീകരണം നടന്നുവരുന്നു എന്നും വ്യക്തമാക്കാമോ; | (ഡി) | DRIP-PHASE Iൽ ഉൾപ്പെടുത്തി കാഞ്ഞിരപ്പുഴ, മലമ്പുഴ, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിലും മൂലത്തറ റെഗുലേറ്ററിലും നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പഴശ്ശി പദ്ധതിയുടെ കനാൽ ശൃംഖലകളുടെ നവീകരണ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്.<br><br>DRIP-PHASE II ൽ ഉൾപ്പെടുത്തി കുറ്റ്യാടി ജലസേചന പദ്ധതിയുടെ സപ്പോർട്ടിംഗ് ഡാമിന്റെ പ്രവൃത്തിയും കാരാപ്പുഴ ഡാമിലെ നവീകരണ പ്രവൃത്തിയും നടന്നു വരുന്നു. കാഞ്ഞിരപ്പുഴ ഡാമിലെ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. കൂടാതെ മലമ്പുഴ, മംഗലം, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളുടെ നവീകരണ പ്രവൃത്തികൾക്കുള്ള DPR തയ്യാറാക്കി വരുന്നു.<br><br>നെയ്യാർ, വാഴാനി, ചിമ്മിനി, കല്ലട, മലങ്കര എന്നീ ഡാമുകളുടെയും മണിയാർ, ഭൂതത്താൻകെട്ട് എന്നീ ബാരേജുകളുടെയും നവീകരണം DRIP പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. വാഴാനി ജലസേചന പദ്ധതിയുടെ പഴക്കം ചെന്ന കനാൽ ശൃംഖലയുടെ നവീകരണത്തിനുള്ള DPR, കല്ലട ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലയുടെ നവീകരണത്തിനുള്ള DPR പി.വി.ഐ.പി യുടെ കനാൽ ശൃംഖലയുടെ നവീകരണത്തിനുള്ള DPR എന്നിവ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഇ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; അവശേഷിക്കുന്ന പണികൾ തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്? | (ഇ) | എം.വി.ഐ.പി യുടെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാലൻസ് പ്രവൃത്തികളും, പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളും, കാഡ പ്രവൃത്തികളും ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ഡി.പി.ആർ സർക്കാർ പരിശോധിച്ചു വരികയാണ്. പിറവം ബ്രാഞ്ച് കനാലിന്റെ ബാലൻസ് പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. കാഡ പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ